## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3160**

**13.03.2017 - ൽ**
**മറുപടിക്ക്**

### നീലേശ്വരം മുൻസിപ്പാലിറ്റി ബസ് സ്റ്റാൻഡിനായി കാർഷിക സർവ്വകലാശാലയുടെ സ്ഥലം

**ചോദ്യം**
**ശ്രീ. എം.രാജഗോപാലൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) നീലേശ്വരം മുൻസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള സ്ഥലം നൽകാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിസഭായോഗ തീരുമാനമുണ്ടായിട്ടും നാളിതുവരെ ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകാൻ വകുപ്പ് അധികൃതർക്ക് കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

ബി) മന്ത്രിസഭാ ഉത്തരവുകൾ നടപ്പിലാക്കാൻ സർക്കാർ അധീനതയിലുള്ള സർവ്വകലാശാലകൾക്ക് കഴിയാതെ വരുന്നത് ഏതു നിയമത്തിന്റെ പിൻബലം മൂലമാണെന്ന് വ്യക്തമാക്കാമോ?

എ) & ബി) കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിൽ നീലേശ്വരം കരുവാച്ചേരിയിലുള്ള ഭൂമിയിൽ നിന്ന് 2 ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സൗജന്യമായി അനുവദിക്കുന്നതിന് 07/11/2012-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 09/11/2012 ൽ ഭൂമി സൗജന്യമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നാളികേര ഗവേഷണ രംഗത്ത് ആഗോള ശ്രദ്ധ നേടിയിട്ടുള്ള നീലേശ്വരം ഗവേഷണ കേന്ദ്രത്തിന് വിവിധ ഗവേഷണ പ്രവർത്തനങ്ങൾക്കും നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും ഭൂമി അത്യന്താപേക്ഷിതമാണെന്നതും കൃഷി യോഗ്യമായ ഭൂമി ഇതര ആവശ്യത്തിന് നഗരസഭയ്ക്ക് കൈമാറുന്നത് ഗവേഷണ കേന്ദ്രത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്നതിനാലും, കാർഷിക സർവ്വകലാശാല നിയമം 1971 (1971 - ലെ 33-ാം നിയമം, വകുപ്പ് 16(c)) പ്രകാരം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ ഭൂമിയുടെ ഭരണ നിയന്ത്രണാധികാരം സർവ്വകലാശാലയുടെ ഭരണസമിതിയിലും പൊതുസഭയിലും നിക്ഷിപ്തമായതിനാലും ഭൂമി കൈമാറ്റം ചെയ്യുന്നത് ടി സമിതികളുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ ഭരണസമിതിയും പൊതുസഭയും അംഗീകരിച്ച് നൽകിയാൽ മാത്രമേ കാർഷിക സർവ്വകലാശാലയുടെ പ്രസ്തുത ഭൂമി കൈമാറുവാൻ കഴിയുകയുള്ളു. ആയതിനാലാണ് സർക്കാർ ഉത്തരവ് നടപ്പിലാക്കാനാകാതെ വന്നത്.

**സെക്ഷൻ ഓഫീസർ**